**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **24-02-2026 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര നഗറുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലയളവിൽ 03 നഗറുകൾക്കും നിലവിലെ സർക്കാരിന്റെ കാലയളവിൽ 06 നഗറുകൾക്കും അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ ഇ.പി ഗ്രാമം നവീകരണത്തിന് 59,07,721/- രൂപയും പുളിയറക്കോണം ഗ്രാമം നവീകരണത്തിന് 93,47,103/- രൂപയും ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ ശ്രീനിവാസപുരം ഗ്രാമം നവീകരണത്തിന് 25 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ തേരിക്കൽപ്പാറയിൽ ഗ്രാമം നവീകരണ പദ്ധതിയിലുൾപ്പെടുത്തിയ 17 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തനങ്ങളിൽ 16 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, റോഡ് വർക്ക് എന്നിവ അടിയന്തിരമായി ആരംഭിക്കുന്നതാണ്. 20 ലക്ഷം രൂപ നിലവിൽ അനുവദിച്ചിട്ടുണ്ട്.<br><br>വട്ടപ്ലാമൂട് (2021-22) നഗർ നവീകരണത്തിൽ 2 റീട്ടെയിനിംഗ് വാൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ റീട്ടെയിനിംഗ് വാൾ നിർമ്മാണം, ഡ്രെയിനേജ് എന്നീ പ്രവൃത്തികൾ പുരോഗതിയിലാണ്. ഹൗസ് മെയിന്റനൻസ്, കുളം നവീകരണം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. 28,48,554/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ മുനിക്കുന്ന് ഗ്രാമത്തിന്റെ സൈഡ് വാൾ നിർമ്മാണ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 29,07,212/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2023-24 ൽ ഉൾപ്പെടുത്തിയ വണ്ടിപ്പുര ഹൗസിംഗ് ഗ്രാമത്തിന്റെ പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തുകയൊന്നും അനുവദിച്ചിട്ടില്ല.<br><br>2024-25 വർഷത്തിൽ ഉൾപ്പെടുത്തിയ കടമ്പാട്ടുക്കോണം - കുന്നിക്കോട് ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു. 2025-26ൽ ഉൾപ്പെടുത്തിയ കാരോട്ടുക്കോണം ഗ്രാമത്തിലെ പ്രാഥമിക യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി 2 ഗ്രാമങ്ങൾക്കും തുക അനുവദിച്ചിട്ടില്ല. |
| (ബി) | ഓരോ നഗറുകൾക്കും അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും, അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ